പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **4590** **29.06.2012-** ൽ മറുപടിക്ക്

## വിദേശത്തു വച്ച് മരണപ്പെടുന്നവർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. കെ.എൻ.എ.ഖാദർ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ)വിദേശത്തു വച്ച് മരണപ്പെടുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം ലഭിക്കാൻ എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടത്; വിശദാംശം നൽകുമോ; | (എ) വിദേശത്ത് വച്ച് മരണപ്പെടുന്ന പ്രവാസി കേരളീയരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുവേണ്ടി വരുന്ന ചെലവുകൾ വഹിക്കുന്നതിലേയ്ക്കായി നോർക്ക വകുപ്പിന് കീഴിൽ 'കാരുണ്യം' എന്ന ഒരു പദ്ധതി നിലവിലുണ്ട്. കാരുണ്യം പദ്ധതിയിൻകീഴിൽ ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കുന്ന വ്യക്തി മരണമടഞ്ഞ പ്രവാസിയുടെ അടുത്ത ബന്ധുവും ഇന്ത്യൻപൌരനും ആയിരിക്കണം. മരണമടഞ്ഞ പ്രവാസി നിയമാനുസൃതമുള്ള പാസ്പോർട്ടും വിസയോടും കൂടി വിദേശത്ത്/ മറുനാട്ടിൽ കുറഞ്ഞത് രണ്ട് വർഷമെങ്കിലും ജോലി ചെയ്തിരിക്കണം. ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കുമ്പോഴോ ധനസഹായം അനുവദിക്കുമ്പോഴോ മറ്റൊരു ജോലി ഉണ്ടാകാൻ പാടില്ല. അപേക്ഷകന് മറ്റൊരു വരുമാനമാർഗ്ഗവും ഉണ്ടാകരുത്. അപേക്ഷയോടൊപ്പം നിശ്ചിത രേഖകൾ കൂടി സമർപ്പിക്കേണ്ടതാണ്. |
| (ബി)പ്രവാസി ക്ഷേമനിധിയുടെ അംഗത്വത്തിനുള്ള പ്രായപരിധി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (ബി) കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ അംഗത്വത്തിനുള്ള പ്രായപരിധി നിലവിൽ 18 നും 55 നും മദ്ധ്യേയാണ്. പ്രസ്തുത പ്രായപരിധി 60 വയസ്സായി ഉയർത്തണമെന്ന് പ്രവാസി സംഘടനകൾ |

ആവശ്യപ്പെട്ടിട്ടുണ്ട്. കേരള പ്രവാസി കേരളീയ ക്ഷേമനിധി അംഗത്വ പ്രായപരിധി 60 വയസ്സായി ഉയർത്തുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി)വിദേശത്ത് വച്ച് മരണമടഞ്ഞവരുടെ മൃതദേഹം നാട്ടിൽ എത്തിക്കുന്നതിനുള്ള ധനസഹായം ഇതേവരെ എത്ര കുടുംബങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

(സി) വിദേശത്ത് വച്ച് മരണമടഞ്ഞവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം ഇതേ വരെ 7 പേർക്ക് അനുവദിച്ചിട്ടുണ്ട്. നാളിതുവരെ 1,42,200/- രൂപ കാരുണ്യം ഫണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ